നമ്പർ ഐസി2– 18060/21

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി 05–10–2021

**നോട്ടീസ്**

വിഷയം: ജലസേചനം–ജീവനക്കാര്യം–ശ്രീ.ജി.രാജശേഖരൻ നായർ, മൂന്നാം തരം ഓവർസീയറുടെ പേര് 01.09.2009 മുതൽ 31.12.2016 വരെയുള്ള മൂന്നാം തരം ഓവർസീയർമാരുടെ (സിവിൽ) അന്തിമമുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് നൽകുന്നത് –സംബന്ധിച്ച്.

സൂചന: 1)26.02.2018-ലെ ഐ.സി2–40885/15–ാം നമ്പർ ഈ കാര്യാലയത്തിലെ ഉത്തരവ്
2)മങ്കൊമ്പ് ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02/09/2021–ലെ എം.09/2008–ാം നമ്പർ കത്ത്

സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംതരം ഓവർസീയർ(സിവിൽ)മാരുടെ 01/09/2009 മുതൽ 31/12/2016 വരെയുള്ള അന്തിമമുൻഗണനാപട്ടികയിൽ ശ്രീ.ജി.രാജശേഖരൻ നായർ, മൂന്നാംതരം ഓവർസീയറുടെ പേര് ഉൾപ്പെടുത്തുന്നതിന് സൂചന(2) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ടിയാന്റെ പേര് മേൽസൂചിപ്പിച്ച അന്തിമ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്താമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ടിയാന്റെ പേര് സൂചന(1) പ്രകാരമുള്ള 01.09.2009 മുതൽ 31.12.2016 വരെയുള്ള അന്തിമമുൻഗണനാ പട്ടികയിൽ ക്രമനമ്പർ 80 ആയ ശ്രീ.സൈമൺ.എൽ നും ക്രമനമ്പർ 81 ആയ ശ്രീമതി.ശശികല.കെ യ്ക്കും മദ്ധ്യേ ക്രമനമ്പർ 80(A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഇതിന്മേൽ ഏതെങ്കിലും തരത്തിലുള്ള പരാതിയോ,ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ ആവശ്യമായ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസീദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. പ്രസ്തുത തീയതിയക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീ.രാജശേഖരൻ നായർ.ജിയുടെ പേര് മേൽ പറഞ്ഞ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി

ശ്രീ.രാജശേഖരൻനായർ.ജി
മൂന്നാംതരം ഓവർസീയർ
(ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ
ഐ.ടി.സെൽ (നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)